Ac.H/2026 04/08/2026

# <u>കേരള സർവകലാശാല</u>

## ബി-എഡ് പ്രവേശനം 2026 – 27

**<u>ബി.എഡ് കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്കുള്ള രണ്ടാംഘട്ട സ്പോട്ട് അലോട്ട്മെൻറ് ഓഗസ്റ്റ് 7 ന്</u>**

# <u>നിർദ്ദേശങ്ങൾ</u>

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, കെ.യു.സി.റ്റി.ഇ, സ്വാശ്രയകോളേജുകൾ എന്നിവയിലേക്കുള്ള ബി.എഡ് കോഴ്സുകളിലെ ഒഴിവുള്ള ജനറൽ, കെ.യു.സി.റ്റി.ഇ മാനേജ്മെൻറ് ക്വാട്ട, സീറ്റുകളിലേക്ക് സ്പോട്ട് അലോട്ട്മെൻറ് **ഓഗസ്റ്റ് 7 ന് പാളയം, കേരള സർവകലാശാല സെനറ്റ് ഹാളിൽ** വച്ച് നടത്തുന്നതാണ്.

രജിസ്ട്രേഷൻ സമയം രാവിലെ 8.30 മണി മുതൽ 10 മണി വരെ, സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് സഹിതം രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. പ്രസ്തുത സമയം കഴിഞ്ഞു വരുന്ന വരെ കൃത്യസമയത്ത് ഹാജരായ വിദ്യാർത്ഥികൾക്ക് ശേഷം മാത്രമേ പരിഗണിക്കുകയുള്ളൂ .

- ➢ അലോട്ട്മെൻറ് സെന്ററിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ ഹാജാരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രം (authorization letter) നൽകി രക്ഷകർത്താവിനെയോ പ്രതിനിധിയെയോ അയക്കാവുന്നതാണ്.
- ➢ **നിലവിൽ കേരള യൂണിവേഴ്സിറ്റിയിൽ ബി .എഡ് അഡ്മിഷനുള്ള വിദ്യാർത്ഥികളെ ഈ സ്പോട്ട് അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല.** സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുവാൻ വരുന്ന വിദ്യാർത്ഥികൾ അസ്സൽ മാർക്ക് ലിസ്റ്റുകളും, ടി .സി യും യോഗ്യതയും (ഇ.ഡബ്ല്യൂ.എസ്, ഭിന്നശേഷി –more than 40%) തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും കൈവശം കരുതണം .
- ➢ ഓൺലൈനിൽ അപേക്ഷ സമർപ്പിച്ച സമയത്ത് രേഖപ്പെടുത്തിയ യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സ്പോട്ട് അലോട്ട്മെൻറ് സമയത്ത് ഹാജകരാക്കേണ്ടതാണ്.

- ഇതര സർവകലാശാലകളിൽ നിന്നും ഡിഗ്രി / പി ജി പൂർത്തിയാക്കിയ വിദ്യാർഥികൾ പ്രസ്തുത കോഴ്സുകൾ ബി.എഡ് പഠനത്തിന് കേരള സർവകലാശാല അംഗീകരിച്ചിട്ടുണ്ട് എന്ന് തെളിയിക്കുന്ന യോഗ്യതാ സർട്ടിഫിക്കറ്റ് കോളേജിൽ ഹാജരാക്കണം .

- കോളേജിലെ ഒഴിവുള്ള ബ്ലൈൻഡ്, ഡിഫറെന്റ്ലി ഏബിൾഡ് (D A) ക്വാട്ട സീറ്റുകൾ, അതാതു കാറ്റഗറിയിലെ വിദ്യാർത്ഥികൾ ഇല്ലാത്ത പക്ഷം ജനറൽ സീറ്റിലേക്ക് കൺവെർഷൻ നടത്തി അലോട്ട്മെൻറ് പ്രക്രിയ പൂർത്തിയാക്കുന്നതാണ്.

- കെ.യു.സി.റ്റി.ഇകളിലെ മാനേജ്മെൻറ് ക്വാട്ട വിഭാഗത്തിൽ ഒഴിവുള്ള വിഷയങ്ങളിൽ അപേക്ഷാർത്ഥികളുടെ അഭാവത്തിൽ പ്രസ്തുത സീറ്റ് സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുന്ന അതാതു കോളേജിലെ മറ്റു കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് ഉയർന്ന ഇൻഡക്സ് മാർക്കിൻറെ അടിസ്ഥാനത്തിൽ നൽകുന്നതാണ്.

- EWS വിഭാഗത്തിൽ ഉള്ള ഒഴിവുകളിൽ പ്രസ്തുത വിഭാഗത്തിലെ വിദ്യാർത്ഥികളെ മാത്രമാണ് പരിഗണിക്കുന്നത്. EWS വിഭാഗത്തിൽ ഒഴിവുള്ള വിഷയങ്ങളിൽ അപേക്ഷാർത്ഥികളുടെ അഭാവത്തിൽ പ്രസ്തുത സീറ്റ് സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുന്ന മറ്റു കോഴ്സുകളിലെ EWS വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ഉയർന്ന ഇൻഡക്സ് മാർക്കിൻറെ അടിസ്ഥാനത്തിൽ നൽകുന്നതാണ്.

അഡ്മിഷൻ സംബന്ധിച്ചുള്ള അതാതു സമയങ്ങളിലെ വിവരങ്ങൾക്ക് സർവകലാശാല പത്രകുറിപ്പുകളും അഡ്മിഷൻ വെബ്സൈറ്റും (https://admissions.keralauniversity.ac.in) ശ്രദ്ധിക്കേണ്ടതാണ്.

**വിശദവിവരങ്ങൾക്ക്**

ഹെൽപ്പ് ലൈൻ നമ്പർ : 8281883053 ( Whatsapp also)

ഇമെയിൽ : bedadmission@keralauniversity.ac.in

Sd/-

**രജിസ്ട്രാർ**